(ബി) ഇത്തരം വിദ്യാഭ്യാസ മേഖലകൾക്ക് എന്തെല്ലാം ഇളവുകളാണ് നൽകാൻ തീരുമാനിച്ചിട്ടുള്ളത് എന്നും ഇതിൽ സർക്കാരിന് എത്രമാത്രം പങ്കാളിത്തമുണ്ടാകുമെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിദ്യാഭ്യാസ മേഖലകളുടെ പുരോഗതികൾ എന്തെല്ലാമായിരിക്കുമെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) പ്രത്യേക പദവിയുള്ള ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് അനുമതി നൽകാനുള്ള ശിപാർശയ്ക്ക് തത്വത്തിൽ അംഗീകാരം നൽകി താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

(ബി) അന്താരാഷ്ട്ര ഉന്നത അക്കാദമിക് മേഖലകളിലെ കോഴ്സുകൾക്ക് ഫീസ് നിശ്ചയിക്കാനുള്ള അവകാശം വിദ്യാഭ്യാസ ഏജൻസികളുടേതായിരിക്കുന്നതാണ്. പ്രത്യേക എക്സ്പോർട്ട് പ്രോസസിംഗ് സോണുകളിൽ ലഭിക്കുന്ന ആനുകൂല്യങ്ങളായ ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ്, നികുതി ഇളവുകൾ. തുടങ്ങിയവ ഈ മേഖലയ്ക്കും ലഭ്യമാക്കുന്നതാണ്. അന്താരാഷ്ട്ര ഉന്നത അക്കാദമിക മേഖലയിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ, വൈദ്യുതി, വെള്ളം, ഇന്റർനെറ്റ് സൗകര്യങ്ങൾ ഇവ നൽകുന്നതു മാത്രമാണ് ഈ മേഖലയിലേക്കുള്ള സർക്കാർ പങ്കാളിത്തം.

(സി) അന്താരാഷ്ട്ര തലത്തിൽ കോഴ്സുകൾ ലഭ്യമാക്കുക, ദേശീയ അന്തർദേശീയ കോഴ്സുകളിലുള്ള സിലബസ് തയ്യാറാക്കൽ, അന്താരാഷ്ട്ര പ്രശസ്തരായ വിദ്യാഭ്യാസ പ്രവർത്തകരുടെ സേവനങ്ങൾ, അന്താരാഷ്ട്ര തലത്തിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമുള്ള പഠന സൗകര്യങ്ങൾ, ദേശീയ തലത്തിൽ പ്രശസ്തരായ അദ്ധ്യാപകരുടെ സേവനം എന്നിവ ലഭ്യമാക്കുക, അവരിലൂടെ ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ തദ്ദേശീയ അദ്ധ്യാപകർക്ക് ലഭ്യമാക്കുക, ദേശീയ/വിദേശീയ വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ നൽകി, കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബ് ആയി മാറ്റുക എന്നിവയാണ് അന്താരാഷ്ട്ര ഉന്നത അക്കാദമിക മേഖലകൾക്കുള്ള പുരോഗതികൾ.

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തകർച്ച

6(* 96) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തകർച്ച സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മതിയായ യോഗ്യതയുള്ള അദ്ധ്യാപകരുടെ കുറവും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമില്ലാതെ ആരംഭിച്ച മിക്ക കോളേജുകളും എ.ഐ.സി.ടി.ഇ. മാനദണ്ഡം പാലിക്കുന്നില്ലായെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) ഏതെല്ലാം കോളേജുകളുടെ അംഗീകാരം എ.ഐ.സി.ടി.ഇ. പിൻവലിച്ചിട്ടുണ്ടെന്നറിയിക്കുമോ ; പ്രസ്തുത സ്ഥാപനങ്ങളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളുടെ തുടർ പഠനത്തിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തകർച്ച സംബന്ധിച്ച ഹൈക്കോടതി വിമർശനവും നിർദ്ദേശങ്ങളും പരിഗണിച്ചിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) സംസ്ഥാനത്ത് സ്വാശ്രയമേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ട്. ചില എഞ്ചിനീയറിംഗ് കോളേജുകളിൽ വിജയശതമാനം കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവാരത്തകർച്ച നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ സർവ്വകലാശാലാ തലത്തിലും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) സ്വാശ്രയമേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ അടിസ്ഥാന, ഭൗതിക സാഹചര്യങ്ങൾ സംബന്ധിച്ച AICTE-യും ബന്ധപ്പെട്ട സർവ്വകലാശാലകളും പരിശോധനകൾ നടത്തി പ്രസ്തുത സ്ഥാപനങ്ങൾ നൽകുന്ന അപ്രൂവൽ/ അഫിലിയേഷന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള NOC സർക്കാരിൽനിന്നും നൽകിവരുന്നത്. കൂടാതെ സർക്കാർ തലത്തിൽ നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിൽ ടി സ്ഥാപനങ്ങളിൽ എപ്പോഴെക്ക് യോഗ്യതയുള്ള അദ്ധ്യാപകരുടെ കുറവ് നികത്തുന്നതിലേക്കായി എപ്പോഴെക്ക് യോഗ്യതയുള്ള കൂടുതൽ അദ്ധ്യാപകരെ നിയമിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 2015-16 അദ്ധ്യയന വർഷത്തിൽ പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി (PISAT) പാലക്കാട് എന്ന സ്ഥാപനത്തിന് AICTE തുടർ അംഗീകാരം (Extension of approval) നൽകിയിട്ടില്ല. ടി സ്ഥാപനത്തിൽ പഠിച്ചിരുന്ന 6-ാം സെമസ്റ്റർ വിദ്യാർത്ഥികളെ സമീപ പ്രദേശങ്ങളിലെ കോളേജുകളിലേക്ക് തുടർ പഠനത്തിനായി മാറ്റുവാൻ കാലിക്കറ്റ് സർവ്വകലാശാല

LIBRARY ARCHIVES Kerala Legislative Assembly